# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1925 16.02.2016-ൽ മറുപടിയ്ക്ക്

### സോളാർ കോഴ ആരോപണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഇ. പി. ജയരാജൻ<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)<br>ശ്രീ. കെ. കെ. ജയചന്ദ്രൻ<br>ശ്രീ. സാജു പോൾ | രമേശ് ചെന്നിത്തല<br>( ആഭ്യന്തരവും വിജിലൻസും വകുപ്പ്മന്ത്രി) |
| (എ) സോളാർ കോഴ ആരോപണങ്ങളെത്തുടർന്ന്, ഡൽഹി പോലീസ് കേസ് രജിസ്റ്റർ ചെയ്തതായി സർക്കാരിന് വിവരം ലഭിച്ചിട്ടുണ്ടോ; ഡൽഹിയിലും സംസ്ഥാനത്തും കോഴ നൽകിയതായുള്ള ആരോപണം നിലനിൽക്കെ, സംസ്ഥാന വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താതിരിക്കുന്നത് എന്തുകൊണ്ടാണ്? | (എ) സോളാർ കോഴ ആരോപണങ്ങളെത്തുടർന്ന് ഡൽഹി പോലീസ് കേസ് രജിസ്റ്റർ ചെയ്തതായി സർക്കാരിന് വിവരം ലഭിച്ചിട്ടില്ല. എന്നാൽ തൃശ്ശൂർ വിജിലൻസ് കോടതിയിൽ ശ്രീ പി. ഡി. ജോസഫ് എന്നയാൾ സമർപ്പിച്ച ക്രിമിനൽ എം. പി. 135/2016-ൽ ബഹു. കോടതി 18.01.2016 - ൽ മുഖ്യമന്ത്രിയടക്കം 8 പേർക്കെതിരെ കേസെടുത്ത് അന്വേഷണം നടത്താൻ ഉത്തരവിട്ടിരുന്നു. എന്നാൽ ബഹു. മുഖ്യമന്ത്രി സമർപ്പിച്ച ഒ. പി. (ക്രിമിനൽ) 50/2016 (ക്യൂ) നമ്പർ ഹർജിയിൽ തൃശ്ശൂർ വിജിലൻസ് കോടതിയുടെ ഉത്തരവ് 29.01.2016-ൽ ബഹു. ഹൈക്കോടതി 2 മാസത്തേയ്ക്ക് സസ്പെന്റ് ചെയ്യുകയുണ്ടായി. |

സെക്ഷൻ ഓഫീസർ